**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2570

18.02.2016 ലെ മറുപടിയ്ക്ക്

**വിനോദസഞ്ചാരികളിൽ നിന്ന് ലഭ്യമാകുന്ന വരുമാനത്തിലുള്ള വർദ്ധനവ്**

| ചോദ്യം<br>**ശ്രീ.തോമസ് ഉണ്ണിയാടൻ**<br>**ശ്രീ.സി.എഫ്.തോമസ്** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തെത്തുന്ന യൂറോപ്യൻ സഞ്ചാരികളുടെ എണ്ണത്തിലും ഇതിലൂടെയുണ്ടാകുന്ന വരുമാനത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | വിസ ഓൺ അറൈവൽ എന്ന പദ്ധതി ഈ മേഖലയ്ക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ട്; | ബി) | 'വിസ ഓൺ അറൈവൽ' പദ്ധതി ഇപ്പോൾ 'e-ടൂറിസ്റ്റ് വിസ ഓൺ അറൈവൽ' സംവിധാനമായി പരിഷ്കരിച്ചാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ 16 വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ സംവിധാനം കേരളത്തിൽ കൊച്ചി, തിരുവനന്തപുരം എന്നീ 2 വിമാനത്താവളങ്ങളിൽ ലഭ്യമാണ്. താരതമ്യേന എളുപ്പമായ നടപടിക്രമങ്ങളിലൂടെ 113 രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ചികിത്സാ/ബിസിനസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഇന്ത്യയിലെത്തുന്ന വിദേശികൾക്ക് ഹ്രസ്വകാലയളവിലേയ്ക്ക് മിതമായ ഫീസിന് നൽകുന്ന ഈ വിസ കേരളത്തിലെ വിനോദസഞ്ചാര മേഖലയിലും ഉണർവ് പകർന്നിട്ടുണ്ട്. |
| സി) | ലോക ടൂറിസം ഭൂപടത്തിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിലൊന്നായ കേരളത്തിലേയ്ക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ? | സി) | കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ